Santhigiri

ഉമ്മിണിതങ്കം

VOL 04 | ISSUE 32 | 2018 ജൂലൈ 29 | 1193 കർക്കിടകം 13

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## ഗുരുവാണി

"നാം അറിയേണ്ടത് ഇതാണ് – നമ്മൾ ജീവിച്ചിരിക്കുമ്പോൾ കഴിഞ്ഞകാലങ്ങളുടെ നന്മതിന്മകൾ അറിയണം. ഈ നന്മതിന്മകൾ എന്തുകാരണത്താൽ നമ്മുടെ കഴുത്തിൽ തൂങ്ങി? ഇതറിയണമെങ്കിൽ നാം കുറച്ച് പുറകോട്ട് നടക്കണം."




.ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിൽ നിന്ന് ബി.എ.എം.എസ്. ബിരുദം നേടിയവർ

# വിദ്യാഭ്യാസം സമൂഹത്തിന്റെ നന്മയ്ക്ക് ഉതകുന്നതാകണം: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**പാലക്കാട്:** വിദ്യാഭ്യാസം സമൂഹത്തിന്റെ നന്മയ്ക്ക് ഉതകുന്നതാകണമെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. പാലക്കാട് ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിൽ നടന്ന 11 ാമത് ബിരുദദാന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു സ്വാമി. ബിരുദം സ്വീകരിക്കാനെത്തിയ വിദ്യാർത്ഥികളെ പേരെടുത്തു പറഞ്ഞുകൊണ്ടും അവരുടെ പഠന-ജീവിതാനുഭവങ്ങൾ വിവരിച്ചുകൊണ്ടുമുള്ള സ്വാമിയുടെ പ്രഭാഷണം ഏറെ ശ്രദ്ധേയമായിരുന്നു. മുന്നിലുള്ള ലക്ഷ്യത്തെ പൂർത്തീകരിക്കുവാൻ യോഗ്യരാക്കിത്തീർക്കുകയെന്നതാണ് വിദ്യാഭ്യാസം. ജീവിതത്തിൽ നല്ലത് പകർത്തുവാനുള്ള ആത്മവിശ്വാസം, ലളിതജീവിതം നയിക്കുവാനുള്ള കഴിവ് എന്നിവയിൽ അവരെ പ്രാപ്തരാക്കണം. അതാണ് ശാന്തിഗിരി ലക്ഷ്യമിടുന്നതെന്നും സ്വാമി പറഞ്ഞു.

മഹാത്മാഗാന്ധിയുടെ എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ ഏവരും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ്. തന്റെ വാസനകളെ മാറ്റിയെടുക്കുന്നതിന് ഗാന്ധിജി എങ്ങനെയെല്ലാം പരിശ്രമിച്ചുവെന്ന് അതിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. എത്രയൊക്കെ പണിപ്പെട്ടിട്ടാണ് ആ മഹത് വ്യക്തിത്വത്തിനുപോലും കുറച്ചൊന്നു മാറാൻ കഴിഞ്ഞതെന്ന് ആ പുസ്തകം നമുക്ക് കാട്ടിത്തരുന്നു. ഇതുപോലെ തന്നെയാണ് ആദികവിയായ വാത്മീകിയുടെ ചരിത്രവും. വാത്മീകിയുടെ മാറ്റത്തിന് കാരണമായത് സപ്തർഷികളുടെ ഉപദേശമായിരുന്നു. രത്നാകരനിൽ നിന്നു വാത്മീകിയിലേക്കുള്ള മാറ്റം ചെറുതല്ല. കൂരിരുട്ടിൽ നിന്നും നിറപ്രകാശത്തിലേക്കുള്ള മാറ്റമാണത്. ഇതാണ് യഥാർത്ഥ വിദ്യാഭ്യാസത്തിലൂടെ സാധ്യമാകേണ്ടത്. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ചൂണ്ടിക്കാട്ടി.

കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. ജി നാഗഭൂഷണം അധ്യക്ഷത വഹിച്ചു. ആരോഗ്യ സർവകലാശാല ഡീൻ ഡോ. എ. കെ മനോജ് കുമാർ മുഖ്യാതിഥി ആയിരുന്നു.




ആസ്ഥ 2018 ൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി സംസാരിക്കുന്നു

സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വിയും സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വിയും ചേർന്ന് വിദ്യാർത്ഥികൾക്ക് ബിരുദം സമ്മാനിച്ചു. ഡോ. പി. ഉണ്ണികൃഷ്ണൻ, ഡോ. ജി. ആർ കിരൺ, ഡോ. ആരതി. പി. എസ്, ഡോ. മിത്ര എം, ഡോ. മനു കെ. എൻ. തുടങ്ങിയവരും സംബന്ധിച്ചു. നാല്പത് വിദ്യാർത്ഥികളാണ് ബിരുദം കരസ്ഥമാക്കിയത്.

# പ്രളയബാധിതർക്ക് സഹായവുമായി ശാന്തിഗിരി ആശ്രമം

**ഹരിപ്പാട്:** ആലപ്പുഴ ജില്ലയിലെ പ്രളയ ദുരിശ്വാസ ക്യാമ്പിൽ സഹായവുമായി ശാന്തിഗിരി ആശ്രമം. പള്ളിപ്പാട് പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാംപിൽ കഴിയുന്നവർക്കായി ഹരിപ്പാട് ഏരിയയിലെ പ്രവർത്തകർ ഭക്ഷണവിതരണം നടത്തി. ജൂലൈ 27 ന് നടന്ന ചടങ്ങിൽ ആദരണീയ സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി, പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജേന്ദ്രക്കുറുപ്പ് തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നല്കി. ആശ്രമത്തിൽ തയ്യാറാക്കിയ ഉച്ചഭക്ഷണമാണ് ആദരണീയ സ്വാമിയുടെ നേതൃത്വത്തിൽ വിതരണം ചെയ്തത്. ആലപ്പുഴയിലും മലയാളമനോരമയുമായി ചേർന്ന് സഹായം നൽകി.നിത്യോപയോഗ സാധനങ്ങളും ഭക്ഷ്യവസ്തുക്കളും വിതരണംചെയ്തു.

ദശാബ്ദങ്ങൾക്കിടയ്ക്ക് ആലപ്പുഴ, കോട്ടയം ജില്ലകളിലെ ഏറ്റവും വലിയ വെള്ളപ്പൊക്കമാണ് ഇത്തവണയുണ്ടായത്. 2018 ജൂലൈ മൂന്നാം വാരം തുടർച്ചയായി പെയ്ത മഴയിൽ താഴ്ന്ന പ്രദേശങ്ങൾ അപ്പാടെ



ഭക്ഷണവിതരണത്തിൽ നിന്ന്

വെള്ളം മൂടുകയുണ്ടായി. ഇതുമൂലം പതിനായിരങ്ങളാണ് തങ്ങളുടെ വീടുപേക്ഷിച്ച് ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുന്നത്. സർക്കാർ സ്കൂളുകളും മറ്റുമാണ് ദുരിതാശ്വാസ ക്യാംപായി പ്രവർത്തിക്കുന്നത്. രോഗികളും കൊച്ചുകുട്ടികളും വൃദ്ധജനങ്ങളുമാണ് ഏറെ ദുരിതമനുഭവിക്കുന്നത്. കന്നുകാലികളുടെ അവസ്ഥയും ദയനീയമാണ്.

നോക്കെത്താദൂരത്തോളം ജലപ്രളയമാണെങ്കിലും തുള്ളി വെള്ളം കുടിക്കാൻ കുപ്പിവെള്ളത്തെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് ഇവിടുത്തെ ജനങ്ങൾ. അശാസ്ത്രീയമായ വികസനവും വർദ്ധിച്ചുവരുന്ന പരിസ്ഥിതി-ജലമലിനീകരണങ്ങളുമാണ് ഇത്തരമൊരു ദുരന്തത്തിലേക്ക് കുട്ടനാടിനെ എത്തിച്ചതെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. പരിസ്ഥിതി-വികസന കാഴ്ചപ്പാടുകളിൽ പൊളിച്ചെഴുത്തു വരുത്തേണ്ടതിന്റെ ആവശ്യകതയാണ് ഈ ദുരന്തം വിളിച്ചുപറയുന്നത്.

# ഗുരുവാണി

ഞാൻ നിങ്ങളോട് ഇത്ര ആധികാരികമായി സംസാരിക്കുന്നത് എന്റെ ദണ്ണം പറയുകയാണ്. ഇത്രയും പേരെ നന്നാക്കാൻ തുടങ്ങിയപ്പോൾ എനിക്കുണ്ടായ ദു:ഖത്തിന്റെ കാതൽ നോക്കണം. ഇത് നിങ്ങൾ മനസിലാക്കാതെ ചെയ്യരുത്. നിങ്ങൾക്ക് എന്നോട് ഏതെങ്കിലും ഒരു തരത്തിൽ ഒരു കാലത്ത് ഉണ്ടായിരുന്ന ഒരു ആത്മബന്ധമാണ്. അത് എങ്ങനെയാണ്? തപസിന് സഹായിച്ചെന്നു വരാം. വിശന്നു തളർന്ന് വഴിയേ നടന്നപ്പോൾ നിങ്ങൾ ഒരു ഗ്ലാസ് വെള്ളം ഒഴിച്ചുകൊടുത്തതായിരിക്കും നിങ്ങളുടെ പുണ്യം. അതല്ല ഏതെങ്കിലുമൊരു വിശന്ന സമയത്ത് വളരെ ചെറിയ ഒരു സഹായം ചെയ്തത് ആയിരിക്കും. ഇങ്ങനെ കോടിക്കണക്കിന് ആളുകൾ ചെയ്യുമ്പോൾ ഒരു പത്തുനൂറ് എണ്ണം അത് അറിഞ്ഞുകൊടുത്തവർ കാണും. അവർക്കാണ് ഇത് ഉണ്ടാകുന്നത്. നിങ്ങൾ അങ്ങനെ ഒന്ന് കണ്ടോളണം. ഇത് നിങ്ങൾക്ക് മനസിലാകണം. പിന്നെ മനുഷ്യന് താങ്ങാനൊക്കുന്ന സ്നേഹമല്ല. ഇത് ഈ വഴിക്കല്ല നിങ്ങൾക്ക് മനസിലാകുന്നതെങ്കിൽ നിങ്ങളെ എന്തുചെയ്യാൻ കഴിയും എനിക്ക്? എവിടെയൊക്കെയോ നമ്മൾ പോയി എങ്ങനെയൊക്കെയോ നടന്നു. എങ്ങനെയോ ഇവിടെ വന്നു ചേർന്നു. ചെറിയ, എന്തെങ്കിലുമൊരുതരത്തിൽ ഏതെങ്കിലും, ജീവനിൽ അങ്ങനെ തങ്ങിനില്ക്കുന്നുണ്ടായിരിക്കും. ഇതാണ് വന്നത്. അല്ലെങ്കിൽ വരില്ല. വകതിരിഞ്ഞ് കൊടുക്കുന്ന ഒരു വകയല്ല ഇത്.

നമ്മളിൽ എല്ലാം സത്യമായിട്ട് ജീവന്റെ പരിണാമസിദ്ധാന്തം കാണുകയാണ്. ഇപ്പോൾ ബുദ്ധൻതന്നെ അയ്യായിരം ജന്മം എടുത്തെന്ന് പറയുന്നിടത്ത് നമ്മൾ എത്രയോ കോടി എടുത്തുകാണും. ഇത് നിങ്ങൾക്ക് മനസിലാകില്ല. അപ്പോൾ ഇത് നിങ്ങളിൽക്കൂടി ദൈവം നിങ്ങൾക്കായിട്ട് വിധിക്കപ്പെട്ട ഒരു കർമ്മത്തിൽ നിങ്ങൾ എത്തിനിൽക്കുകയാണ്. ഇത് നിങ്ങൾ വെറുതെ കളയരുത്. നിങ്ങൾ അത് കളഞ്ഞാൽ എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. എന്റെ അടുത്ത് നിന്നവർ പത്തും ഇരുപത്തഞ്ചും കൊല്ലം നിന്നവർ ഒരു വാക്കുകൊണ്ട് തെറ്റിപ്പോയിട്ടുണ്ട്. നിങ്ങൾക്ക് ഒന്നും ചെയ്യാൻ ഒക്കാതെ വരും. ഇത് നമ്മൾ മനസിലാക്കിയിട്ട് നമുക്ക് നമ്മുടെ മനസും വാക്കും പ്രവർത്തിയും ചീത്തയാകാതെ സൂക്ഷിക്കുക. അതാണ് വാക്കാണ് സത്യം. ആ വാക്ക് നമുക്ക് സത്യമായി വരുമ്പോൾ അത് ഗുരുവായി അത് ദൈവമായി മാറുകയാണ്. അപ്പോൾ ഇത് ഇത്രയെങ്കിലും നിങ്ങൾക്ക് മനസിലായില്ലെങ്കിൽ ഒരു തരത്തിലും നമുക്ക് രക്ഷപെടാൻ കഴിയില്ല. എത്രയോ ആളുകളുടെ കാര്യം ഞാൻ നിങ്ങളുടെ മുൻപിൽ ഇപ്പോൾ പറഞ്ഞു. ഇത് ആയിരത്തിൽ ഒരു രണ്ട് എണ്ണമേ പറഞ്ഞിട്ടുള്ളൂ. കൂടുതലും ഇങ്ങനെ പറയാനൊക്കാതെയും തൊടാനൊക്കാതെയും നില്ക്കാനൊക്കാതെയും പോയിരിക്കുകയാണ്. പാൽ നല്ലതാണ്. ചീത്തയായാൽ എന്തിനു കൊള്ളാം? ഇത് നിങ്ങൾക്ക് എല്ലാപേർക്കും മനസിലാകണം. നല്ലതാണ്- ഈ നല്ലതെന്നുള്ള വശം ഇവർക്ക് എല്ലാപേർക്കും അനുഭവം ഉള്ളതാണ്. അനുഭവം ഉള്ള പിള്ളേർ കുറെ എണ്ണം ഉണ്ടായിരിക്കും. എല്ലാപേരും തെളിഞ്ഞുവരുമെന്നല്ല ഞാൻ ഈ പറഞ്ഞതിന്റെ അർത്ഥം. ഒരു അവകാശത്തോളം അവർക്ക് ഉള്ളത് കിട്ടും. പിന്നെ അവർ പരിശ്രമിച്ച് വാക്ക് തെറ്റിക്കാതെ പോയാൽ ശരി. ഇല്ലെങ്കിൽ ഒന്നും ചെയ്യാൻ കഴിയില്ല. ഇത് വേണമെന്നോ വേണ്ടെന്നോ പറയരുത്. എന്തുകൊണ്ട്? ഇത് വേണ്ടായെന്നു പറഞ്ഞു പോയെങ്കിൽ ദൂരെ അകന്നുകളയും. പിന്നെ വരുകയുമില്ല. അതാണ് നമ്മുടെ കർണാടകസ്വാമിയെ ഞാൻ എടുത്തുകാണിച്ചത്. ക്രിസ്തു പറഞ്ഞിരിക്കുന്ന സത്യത്തിന്റെ ആത്മാവ് അല്ലെങ്കിൽ അരവിന്ദൻ പറഞ്ഞിരിക്കുന്ന ആ സത്യത്തിന്റെ വെളിച്ചം നിങ്ങൾക്ക് സംഭവിക്കാൻ ഇടയായത് കാരുണ്യം മാത്രമാണ്. ഇതിന് വേറെ കാര്യമൊന്നും പറയാനില്ല. ഇതാണ്, തൂക്കത്തിൽ നിങ്ങൾ അത് കൊണ്ടുപോയില്ലെങ്കിൽ ഇത്രയും തൂക്കത്തിൽ അപകടം ഉള്ളതാണ്.

## വചനദീപ്തി

**"നല്ലവണ്ണം ചിന്തിച്ചുനോക്കിയാൽ ഈ പഞ്ചഭൂതങ്ങൾ ബോധത്തിനുള്ളിൽ പ്രകാശിച്ചു നില്ക്കുന്നവയാണ്. മരുഭൂമിയിൽ വെള്ളം തിരയടിച്ചുനില്ക്കുന്നതുപോലെ. ബോധത്തിനപ്പുറം മറ്റൊന്നും കാണ്മാനില്ല."**

ശ്രീ നാരായണഗുരു

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

2018 ആഗസ്റ്റ് 04 - ജ്യോതിപുരം

### യാമപ്രാർത്ഥന

2018 ആഗസ്റ്റ് 02 വ്യാഴം

### ജന്മഗൃഹ തീർത്ഥയാത്ര

2018 ആഗസ്റ്റ് 17 വെള്ളി

പ്രകാശപദം

# ഗൃഹസ്ഥാശ്രമിയുടെ ധർമ്മസ്വഭാവം

ഗൃഹസ്ഥാശ്രമിയുടെ ധർമസ്വഭാവത്തെപ്പറ്റി നാം പറയുമ്പോൾ നമ്മുടെ പരമ്പരയിൽ ഗുരു അത് ചെയ്യിപ്പിച്ച്, ആ ചെയ്യിപ്പിച്ച രൂപം നമുക്കേവർക്കും എടുത്ത് പ്രവർത്തിപ്പിക്കാവുന്ന ഒരു അനുഭവത്തിന്റെ സ്വഭാവത്തിലാക്കി, അത് തെളിയിച്ച് അതിന്റെ സാക്ഷാത്കാരരൂപമായി നമ്മുടെ കയ്യിൽ തന്നിരിക്കുകയാണ്. നമ്മുടെ കർമവും ധർമവുമായ പ്രവർത്തനവും ത്യാഗവും കൊണ്ടത് വലിപ്പപ്പെടുത്തണം. കാരണം നമ്മൾ ഒന്നിനുവേണ്ടി തുനിഞ്ഞിറങ്ങുമ്പോൾ നമുക്ക് വേദനയും ദുഃഖവും അവിടെ നിന്നും തിരിച്ച്, ഈ മനുഷ്യജീവികൾക്കും സൂക്ഷ്മലോകങ്ങൾക്കും എന്നു പറയുന്ന ഭാഗത്തിൽ, നമ്മുടെ മനസ്സും ശരീരവുമായിട്ട് വേദനിക്കുന്ന ഭാഗങ്ങൾ ആത്മീയതലത്തിൽ എന്നല്ല, അത് കർമത്തിന്റെ ഭാഗത്തിൽ ആത്മീയം ആർജ്ജിക്കാൻ എങ്ങനെയാണെന്നും ഗുരു പഠിപ്പിച്ചുതന്നത് സിദ്ധിയുടേയോ അല്ലെങ്കിൽ മന്ത്രവാദത്തിന്റേയോ അല്ലെങ്കിൽ വേറൊരു സ്വഭാവത്തിലോ അല്ല. കാരണം ഒരു സിദ്ധിജാലങ്ങളും കാണിക്കാതെ പോയ മഹാത്മാവാണ് നബി തിരുമേനി. അവിടെ നമ്മൾ നോക്ക്. ഒരു ഗൃഹസ്ഥന്റെ ധർമം ഏതെല്ലാം സ്വഭാവത്തിൽ കൊണ്ടുവന്ന് പ്രവാചകസ്വഭാവത്തിന്റെ രീതിയിൽ അവർ എത്തിച്ചേർന്നു. പക്ഷെ ജിന്നുസേവയെന്നും അങ്ങനെ പല സേവാസ്വഭാവത്തിൽപോയി, അത് വേറൊരു ഭാഗം. വേറൊരു രീതിയാണ്. അല്ലാതെ ഉസ്താദ് എന്നു പറയുന്ന ഭാഗത്ത് അവർ അത് ചെയ്തിട്ടില്ല. ആ മഹാത്മാവ് അങ്ങനെയുള്ള ഭാഗത്തേക്കു കടന്നിട്ടേയില്ല. അപ്പോൾ നാം ഒരു പരമ്പരയെ വാർത്തെടുക്കുമ്പോൾ ഈ ഗൃഹസ്ഥധർമം എങ്ങനെയിരിക്കണം എന്നു പിന്നീട് നാം അതറിഞ്ഞിട്ട് പ്രവർത്തിച്ചുകൊള്ളണം.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# എല്ലാറ്റിനും മാതൃകയായി എന്നുമെന്നും

ശാന്തിഗിരി ഇന്ന് ലോകത്തിനുതന്നെ ഒരു മാതൃകാപ്രസ്ഥാനമാണ്. പല കാലങ്ങളിൽ പ്രവർത്തിച്ചുവന്ന നിരവധി പോരായ്മകളുടെ ഫലമായി മനുഷ്യസമൂഹം പരസ്പരം ഭിന്നിച്ചുനിന്നു പോരടിക്കുമ്പോൾ, ശാന്തിയുടെ സ്നേഹഗീതികൾ ഹൃദയമന്ത്രമായി സ്വീകരിച്ച് ഒരച്ഛന്റെ മക്കളെപ്പോലെ ശാന്തിഗിരി പരമ്പര ഒന്നുചേർന്നു പ്രവർത്തിക്കുന്ന കാഴ്ച ഏതൊരു സഹൃദയന്റെയും ആഹ്ലാദവും ആദരവും പിടിച്ചുപറ്റും. എന്നാൽ ലോകം അറിയുന്നില്ല, ഇതിന്റെ പിന്നിൽ ശാന്തിഗിരി ആശ്രമസ്ഥാകഗുരു നവജ്യോതിശ്രീ കരുണാകരഗുരു അനുഭവിച്ച നൊമ്പരത്തിന്റെയും ത്യാഗത്തിന്റെയും കഷ്ടപ്പാടിന്റെയും സഹനത്തിന്റെയും വലുപ്പമെത്രയെന്ന്.

ഒരുകാലത്ത് നരസാന്നിദ്ധ്യം തീരെ ഇല്ലാതിരുന്ന, നരിസാന്നിദ്ധ്യം മാത്രമുണ്ടായിരുന്ന ഈ പ്രദേശം അതിനുമെത്രയോ മുമ്പ് ബൗദ്ധൻകാട് ആയിരുന്നുവെന്ന് ഇന്നെത്രപേർക്കറിയാം? ചരിത്രത്തിന്റെ ഒരു ദശാസന്ധിയിൽ അറിവിന്റെ നിലാവെളിച്ചമായി മനുഷ്യബോധത്തിൽ ഇരിപ്പിടം നേടിയ ശ്രീബുദ്ധൻ തെളിച്ചുവെച്ച വിളക്ക് ഈ മണ്ണിലും നിറഞ്ഞുനിന്നിരുന്നു. ആര്യവത്കരണത്തിന്റെ കൈക്കരുത്തിൽ ഭാരതം മൊത്തത്തിൽ പിടഞ്ഞപ്പോൾ ഈ മണ്ണും ഇവിടുത്തെ ജനതയും അതിൽ നിന്നൊഴിവായില്ല. മണ്ണും മനുഷ്യനും ഇവിടെയും ഉഴുതുമറിക്കപ്പെട്ടു. ബുദ്ധഗീതങ്ങളും പ്രാർത്ഥനകളും ബൗദ്ധാശയമുദ്രിതങ്ങളായ സകലതും അങ്ങനെ മൺമറഞ്ഞുപോയി. കാലപ്പഴക്കത്തിൽ ഈ മണ്ണ് ഒരു പ്രേതഭൂമിയായി മാറി. പിന്നെ അങ്ങിങ്ങ് ആളുകൾ വന്നു ചേക്കേറി. അപ്പോഴും പോത്തൻകോടിന്റെ ഒരു ഭാഗമായ പൂലന്തറ (പൂലം തറയാണ് പൂലന്തറയായത്), കാഞ്ഞാമ്പാറ പ്രദേശം ആൾവാസമില്ലാതെ, പകൽവെളിച്ചത്തിൽ പോലും ആളുകൾ വഴിനടക്കാൻ ഭയക്കുന്ന ഒരിടമായി നിലകൊണ്ടു. അന്ന് ഈ ഭാഗത്ത് 'വഴിപിണക്കി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു പൈശാചികശക്തി വിലസിയിരുന്നത് ആളുകൾക്ക് അനുഭവമായിരുന്നു. വഴിയാത്രക്കാരായി എത്തുന്നവരെ ഈ ശക്തി വഴിതെറ്റിച്ചു കൊണ്ടുപോയി അപകടപ്പെടുത്തുക സാധാരണ സംഭവമായിരുന്നു. രാവും പകലും ഒരുപോലെ കുറുക്കന്റെ ഓരിയിടലും കാട്ടുപക്ഷികളുടെ ചിറകടിയൊച്ചയും കലമ്പലും കാട്ടുവള്ളികളാൽ സമൃദ്ധമായ വൃക്ഷക്കൂട്ടങ്ങളും ചെറിയ ചെറിയ പാറക്കൂട്ടങ്ങളും കൊണ്ട് അന്തരീക്ഷം സദാ ഭയാനകമായിരുന്നു.

ആത്മീയമായ അവസ്ഥാന്തരഭേദത്തിന്റെ വിവിധ ഘട്ടങ്ങളിലൊന്നിൽ രണ്ടരക്കൊല്ലത്തേക്ക് ആരും കാണാതെ ഒരിടത്തു മാറിയിരിക്കണം എന്ന വാക്കു കിട്ടിയതിന്റെ അടിസ്ഥാനത്തിൽ മാറിയിരിക്കാനാണ് ഗുരു ഇവിടേക്കു വന്നത്. പിന്നീട് ഗുരു ഇവിടെ സ്ഥിരമാവുകയായിരുന്നു. പൊതുവെ ആൾത്താമസമില്ലാതിരുന്ന ഇവിടെ ഗുരുവിനെ അറിയാനോ മാനിക്കാനോ ആളുണ്ടായിരുന്നില്ല. കുറെ വർഷങ്ങൾക്കു മുമ്പുതന്നെ ഇവിടെ ഒരു ചെറുകുടിൽ ഗുരു കെട്ടിയുണ്ടാക്കി സമീപത്തുള്ള ഒരാളെ വിളക്കുവയ്ക്കാൻ ഏല്പിച്ചിരുന്നു. അവിടെയാണ് ഗുരു താമസമാക്കിയത്. ഗുരുവിന്റെ സാന്നിദ്ധ്യം ക്രമേണ സമീപവാസികളും അകലെയുള്ളവരും അറിയാൻ ഇടയായി. പരിചയമുള്ള പലരും ഗുരുവിനെ തേടിയെത്തി. പുതിയ ആളുകളും വല്ലപ്പോഴും വന്നു. തങ്ങളുടെ തീരാരോഗങ്ങൾക്കും മാറാവ്യാധികൾക്കും ഒഴിയാബാധകൾക്കും പരിഹാരം തേടിയായിരുന്നു ആളുകൾ വന്നിരുന്നത്. വന്ന എല്ലാവരെയും ഗുരു സാന്ത്വനിപ്പിച്ചു. ഭസ്മവും തീർത്ഥവും നല്കി. ഗുരു നല്കിയ തീർത്ഥവും ഭസ്മവും കൊണ്ടു മാത്രം മാറാരോഗങ്ങളിൽ നിന്നും ഒഴിയാബാധകളിൽ നിന്നും രക്ഷപ്പെട്ടവർ എത്രയെത്ര... അതുപോലെതന്നെ ഇവിടെ വന്നപ്പോൾ മുതൽ ഗുരു അനുഭവിച്ച പ്രയാസങ്ങൾ, കഷ്ടപ്പാട്, നേരിട്ട എതിർപ്പുകൾ, അതു നല്കിയ വേദനകൾ... ഗുരുവിന്റെ ത്യാഗം... ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ എല്ലാവരും ഗുരുവിന് നോവുകളാണ് സമ്മാനിച്ചത്. അറിയാതെ ആയിരിക്കാം. എന്നാലും അങ്ങനെ ഉണ്ടായി എന്നതാണ് യാഥാർത്ഥ്യം. എല്ലാ എതിർപ്പുകളെയും കുറ്റപ്പെടുത്തലുകളെയും ഒറ്റപ്പെടുത്തലുകളെയും ഭീഷണികളെയും ദ്രോഹങ്ങളെയും തികഞ്ഞ സ്നേഹാർദ്രതകൊണ്ടും സഹനം കൊണ്ടും സത്യം തുളുമ്പുന്ന വാക്കുകൾകൊണ്ടും ഗുരു അതിജീവിച്ചു. താനെന്തിനുവേണ്ടി വന്നുവോ ആ ദൗത്യം നിറവേറ്റി. തുടർന്ന് അത് മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി അനുഭവസമ്പത്തുള്ള ഒരു പരമ്പരയെയും സാക്ഷാത്കാരം പ്രാപിച്ച ഒരു ശിഷ്യയെയും ലോകത്തിനു നല്കി. വരുംകാലമക്കൾക്ക് തെളിവിനായി തന്റെ കർമ്മങ്ങളെ ഗുരു ലോകത്തിനു സമർപ്പിച്ചു. ചരിത്രത്തിൽ സമാനതകളില്ലാത്ത ഗുരുവിന്റെ ജീവിതം എല്ലാത്തിനും മാതൃകയായി എന്നുമെന്നും നിലനില്ക്കും.

# ഡെങ്കിപ്പനിക്ക് ആയുർവേദ മരുന്ന് വികസിപ്പിച്ചു

**ബാംഗ്ലൂർ :** ഡെങ്കിപ്പനി ഭേദമാക്കാൻ കഴിയുന്ന ആയുർവേദ മരുന്ന് കണ്ടെത്തിയതായി ശാസ്ത്രജ്ഞർ. മരുന്ന് അടുത്ത വർഷം മുതൽ വിപണിയിൽ ലഭ്യമായേക്കുമെന്ന് സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവേദിക് സയൻസസ് (സി.സി.ആർ.എ.എസ്) അറിയിച്ചു. ആയുഷ് മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് സി.സി.ആർ.എ.എസ്. സിസിആർഎഎസും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചും (ഐ.സി.എം.ആർ.) മരുന്നിന്റെ സുരക്ഷയെയും ഫലപ്രാപ്തിയെയും കുറിച്ച് പ്രാഥമികപഠനം നടത്തിക്കഴിഞ്ഞു. കർണ്ണാടകത്തിലെ ബെലഗാവിയിലുള്ള ഐ.സി.എം.ആറിന്റെ പ്രാദേശിക ഗവേഷണകേന്ദ്രത്തിലായിരുന്നു പഠനം. കഴിഞ്ഞ വർഷം ഇന്ത്യയിൽ ഏറ്റവുമധികം ഡെങ്കിബാധയുണ്ടായ രണ്ടാമത്തെ സംസ്ഥാനമാണ് കേരളം. മുപ്പത്തിയേഴ് പേർ രോഗം ബാധിച്ച് മരിച്ചെന്നാണ് കണക്ക്. ഡെങ്കിപ്പനി ചികിത്സിക്കാൻ അലോപ്പതിയിൽ നിശ്ചിത മരുന്നോ ആന്റിബയോട്ടിക്കോ ഇല്ല. രോഗലക്ഷണത്തെ കേന്ദ്രീകരിച്ച് അത് ശമിപ്പിക്കാനുള്ള ചികിത്സയാണ് നല്കുന്നത്. മനുഷ്യരിൽ മരുന്നു പരീക്ഷിച്ചുള്ള പഠനം ബെലഗാവിയിലെയും കർണാടകത്തിലെ തന്നെ കോലാറിലെയും മെഡിക്കൽ കോളേജുകളിൽ നടന്നുവരികയാണെന്ന് സി.സി.ആർ.എ.എസ്. ഡയറക്ടർ ജനറൽ പ്രൊഫ. കെ.എസ്. ധീമാൻ പറഞ്ഞു. അന്താരാഷ്ട്ര തലത്തിൽ അംഗീകരിച്ച രീതിയിലാണ് പരീക്ഷണം.

## വീട്ടിൽ ഒരു ഔഷധസസ്യം

പ്രകൃതിയിൽ നിന്ന് മനുഷ്യനേയും മനുഷ്യനിൽ നിന്നു പ്രകൃതിയേയും വേർതിരിക്കാനാവില്ല. പ്രകൃതിയും, മനുഷ്യനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. നമുക്കുചുറ്റും കാണപ്പെടുന്ന പല സസ്യങ്ങളും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ആരോഗ്യത്തെ പ്രദാനം ചെയ്യുന്നവയാണ്. ആരോഗ്യ സംരക്ഷണത്തിനായി ആയുർവേദത്തിൽ പരമപ്രധാനമായ ഒരു സ്ഥാനമാണ് ഔഷധസസ്യങ്ങൾക്കുള്ളത്. വീട്ടു വളപ്പുകളിൽ കൃഷി ചെയ്യാവുന്ന ഒട്ടേറെ ഔഷധസസ്യങ്ങൾ ഉണ്ട്. അവയിൽ ചിലത് പരിചയപ്പെടാം.

### തുളസി



വീട്ടുവളപ്പിലെ ഔഷധച്ചെടികളിൽ പ്രഥമസ്ഥാനം തുളസിക്കാണ്. ഒരു തുളസിയെങ്കിലും ഇല്ലാത്ത വീടുകൾ കേരളത്തിൽ കുറവാണ്. കേരളീയരുമായി അത്രമാത്രം ഇഴുകിച്ചേർന്നിരിക്കുന്നതാണ് തുളസി. വയലറ്റ് നിറത്തിലുള്ള ഇലകളുള്ളത് 'കൃഷ്ണ തുളസി'യും പച്ച ഇലകളുള്ളത് 'രാമതുളസി'യുമാണ്. ഇതിൽ ഔഷധഗുണം ഏറിയത് കൃഷ്ണ തുളസിക്കാണ്. ഇലയും പൂവും ചിലപ്പോൾ സമൂലവും ഔഷധയോഗ്യമാണ്. ജ്വരം ശമിപ്പിക്കുവാനും ഉദരകൃമി നശിപ്പിക്കുവാനും വിഷങ്ങൾക്ക് പ്രതിവിഷം എന്ന നിലയ്ക്കും തുളസി ഉപയോഗിക്കുന്നു. കഫത്തെ ഇളക്കി വിടാനും ഇതിനു കഴിയും. കഠിനമായ ജലദോഷത്തിനും പനിക്കും തുളസിക്കഷായം ഒരു സിദ്ധൗഷധമാണ്. വിത്തു പാകി മുളയ്ക്കുന്ന തൈകൾ നട്ട് തുളസി വളർത്താം.

# നവോന്മേഷം പകർന്ന പരിശീലന പരിപാടി ശ്രദ്ധേയമായി

**സ്പിരിച്വൽ സോൺ:** ആശ്രമത്തിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സേവനം ചെയ്യുന്ന കർമ്മചാരികൾക്കായി ജൂലൈ 25, 26 തീയതികളിൽ സംഘടിപ്പിച്ച ട്രെയിനിംഗ് പരിപാടി ശ്രദ്ധേയമായി. അസിസ്റ്റന്റ് മാനേജർമാർ മുതൽ സീനിയർ മാനേജർ വരെയുള്ളവർക്കായിട്ടാണ് ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റാണ് (എസ്.ഐ.റ്റി.ഡി.) ട്രെയിനിംഗ് സംഘടിപ്പിച്ചത്. നാല്പതോളം പേർ രണ്ടു ദിവസത്തെ ട്രെയിനിംഗ് ക്യാമ്പിൽ പങ്കെടുത്തു. സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ഡോ. കെ.ആർ.എസ്. നായർ എന്നിവരാണ് ക്ലാസ് നയിച്ചത്. ആശ്രമത്തിൽ കർമ്മം ചെയ്യുന്നത് ഗുരുവിനെ ശുശ്രൂഷിക്കുന്നതുപോലെയായിരിക്കണമെന്ന ഗുരുവാണി ചൂണ്ടിക്കാട്ടിക്കൊണ്ട് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി നടത്തിയ ക്ലാസ് ഏറെ വിജ്ഞാനപ്രദമായി. ആശ്രമം ഹ്യൂമൻ റിസോഴ്സ് ജനറൽ മാനേജരും പ്രമുഖ വ്യക്തിത്വ പരിശീലനകനുമായ ഡോ. കെ. ആർ.എസ്. നായർ നടത്തിയ ക്ലാസുകൾ വിജ്ഞാനവും വിനോദവും പകർന്നു.

വ്യക്തിത്വ വികസനം, ആശയവിനിമയം, കർമ്മരംഗത്തും വ്യക്തിജീവിതത്തിലും ശീലിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ക്ലാസ് ഏറെ മികച്ചതായിരുന്നുവെന്നാണ് പങ്കെടുത്ത സ്റ്റാഫംഗങ്ങളുടെ അഭിപ്രായം.

# ഹരിതശ്രീ വാഴക്കൃഷി

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി റിസർച്ച് സോണിൽ നടത്തുന്ന വാഴക്കൃഷി ശ്രദ്ധേയമാകുന്നു. റിസർച്ച് സോൺ കമ്യൂണിറ്റി കിച്ചനു സമീപമുള്ള തോട്ടത്തിൽ ഇരുനൂറോളം വാഴകളാണ് കൃഷി ചെയ്തിരിക്കുന്നത്. ഓണത്തിനുശേഷം വിളവെടുപ്പ് നടത്താനാവുംവിധമാണ് കൃഷി പുരോഗമിക്കുന്നത്. ഞായറാഴ്ചകളിൽ ഗൃഹസ്ഥാശ്രമസംഘം പ്രവർത്തകരുടെ നേതൃത്വത്തിൽ കർമ്മം നടന്നുവരുന്നുണ്ട്. ഒന്നിടവിട്ട ദിവസങ്ങളിൽ വൈകുന്നേരം സമയത്തും കൃഷികാര്യങ്ങൾക്കായി പ്രവർത്തകർ എത്തുന്നു.



*നേമം പുഷ്പരാജിൽ നിന്നും എസ്.പി. പ്രസൂദ് ഫെലോഷിപ്പ് ഏറ്റുവാങ്ങുന്നു*

# എസ്.പി. പ്രസൂദിന് സാംസ്കാരിക വകുപ്പ് ഫെലോഷിപ്പ്

**നെടുമങ്ങാട്:** നാടൻ കലാകാരനും ശാന്തിഗിരി ആശ്രമം നെടുമങ്ങാട് ഏരിയയിലെ ആത്മബന്ധുവുമായ ചുള്ളിമാനൂർ ആട്ടുകാൽ പ്രസൂദ് മന്ദിരത്തിൽ എസ്.പി. പ്രസൂദിന് സാംസ്കാരിക വകുപ്പിന്റെ വളർന്നുവരുന്ന കലാകാരന്മാർക്കുള്ള ഫെലോഷിപ്പ് ലഭിച്ചു. സംസ്ഥാനത്തിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് യുവകലാകാരന്മാർക്കു നല്കുന്ന ഫെലോഷിപ്പിനാണ് പ്രസൂദ് അർഹനായത്.

ആറ്റുകാൽ ഗുരുകൃപ നാടൻ കലാകേന്ദ്രം ചെയർമാനും ദിവംഗതനായ നാടൻകലാകാരൻ ഭാനു ആശാന്റെ ചെറുമകനുമാണ് പ്രസൂദ്. ഇപ്പോൾ തിരുവനന്തപുരത്ത് പരിസ്ഥിതി വകുപ്പിൽ റിസർച്ച് ഫെലോ ആയി ജോലി ചെയ്യുന്നു. അച്ഛൻ സി. സുരേന്ദ്രനാഥൻ. അമ്മ. വി. പ്രഫുലകുമാരി.

# ജൈവപച്ചക്കറിയുടെ നല്ലപാഠങ്ങൾ തേടി ശാന്തിഗിരി വിദ്യാഭവൻ

**എജ്യുക്കേഷൻ സോൺ:** വിഷലിപ്തമായ പച്ചക്കറികൾ ഉയർത്തുന്ന ഭീഷണിക്കെതിരെ പ്രതിരോധവുമായി ശാന്തിഗിരി വിദ്യാഭവൻ നല്ലപാഠം ക്ലബ്ബ്. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ശാന്തിഗിരി വിദ്യാഭവൻ സ്കൂൾ അങ്കണത്തിൽ ചീര, വെണ്ട, പാവൽ, പടവലം, മുളക് തുടങ്ങി വിവിധ പച്ചക്കറി വിത്തുകൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നട്ടുപിടിപ്പിച്ചു. എല്ലാ വിദ്യാർത്ഥികൾക്കും പച്ചക്കറി വിത്തുകൾ സൗജന്യമായി നല്കുകയും ചെയ്തു. വീടുകളിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള ഈ പദ്ധതിയുടെ ഉദ്ഘാടനം ജൂലൈ 20ന് ശാന്തിഗിരി വിദ്യാഭവൻ സ്കൂൾ അസിസ്റ്റന്റ് ജനറൽ കൺവീനർ പി.വിജയകുമാരി നിർവഹിച്ചു. വൈസ് പ്രിൻസിപ്പൽ എസ്.എം സ്മിജേഷ്, ദിലീപ് എസ്. ആർ., എ.റ്റി ഉമേഷ്ബാബു, നല്ലപാഠം കോർഡിനേറ്റർ ബിന്ദു നന്ദന തുടങ്ങിയവർ പങ്കെടുത്തു. ജൈവവളവും ജൈവ കീടനാശിനിയുമാണ് കുട്ടികൾ കൃഷിക്ക് ഉപയോഗിക്കുന്നത്. 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിക്കും സ്കൂളിൽ തുടക്കം കുറിച്ചിട്ടുണ്ട്.



*ശാന്തിഗിരി വിദ്യാഭവനിലെ ജൈവപച്ചക്കറിക്കൃഷി*

# ദിവംഗതയായി

**തിരുവനന്തപുരം:** പേരൂർക്കട ഉണ്ണിത്താൻ അവന്യൂ 'ശ്രീകൈലാസി'ൽ ദിവംഗതനായ രാംഗോപാലിന്റെ ഭാര്യ എൽ. ഇന്ദിര (റിട്ട. ഇൻകം ടാക്സ് ഓഫീസറാണ്) ജൂലൈ 27 ന് ദിവംഗതയായി. സംസ്കാരം നടന്നു. മക്കൾ: രാംമോഹൻ (എൽബി.എസ്. തിരുവനന്തപുരം), രാം കിരൺ (യുഎസ്എ), രഞ്ജിനി (ലെക്കോൾ ചെമ്പക സ്കൂൾ, ഇടവക്കോട്).



എൽ. ഇന്ദിര

# ആശ്രമം ഗോശാല വികസനത്തിന് പദ്ധതി



**സ്പിരിച്വൽ സോൺ:** ആശ്രമം ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ആശ്രമം ഗോശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഡയറി ഡെവലപ്മെന്റ് കമ്മിറ്റി രൂപീകരിച്ചു. ഓർഗനൈസിംഗ് സെക്രട്ടറിയുടെ ഓഫീസിലെ പ്രോജക്റ്റ് സെൽ ഡിവിഷനു കീഴിലാണ് പുതിയ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, സ്വാമി ജനനന്മ ജ്ഞാനതപസ്വി, ഡോ. കെ.ആർ.എസ്. നായർ, ചന്ദ്രബാബു പി.ബി, പ്രമോദ് എം.പി., ശുഭാകരൻ എം.പി., ഡയറി കൺസൾട്ടന്റായ ഗോപകുമാർ എം. എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. ഹെൽത്ത്കെയർ സോണിൽ പുതിയ ഓഫീസും അനുവദിച്ചിട്ടുണ്ട്.

നിലവിലുള്ള ഡയറി ഫാമിന്റെ വികസനപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയാണ് ഡയറി ഡെവലപ്മെന്റ് കമ്മിറ്റിയുടെ പ്രധാന ചുമതല. അൻപത് മീറ്റർ നീളവും 20 മീറ്റർ വീതിയുമുള്ള പുതിയ ഷെഡ് നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നു. പശുക്കളെ കെട്ടിയിടുന്നതിനു പകരം ഷെഡിനുള്ളിൽ സ്വതന്ത്രമായി വിടുന്ന രീതിയാണ് അവലംബിക്കുക. മോഡേൺ ടെക്നോളജി ഉപയോഗിച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതും ലക്ഷ്യമിടുന്നു.

ആശ്രമം അഗ്രികൾച്ചർ സോണിൽ പുതിയതായി ഒരു ഹൈടെക് ഡയറി ഫാം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബ്രാഞ്ചാശ്രമങ്ങളിലും സ്ഥലസൗകര്യം അനുസരിച്ച് ഡയറി ഫാമുകൾ ആരംഭിക്കും. നിലവിൽ ആശ്രമത്തിലെ ഗോശാലയിൽ അറുപതോളം പശുക്കളാണ് ഉള്ളത്.



*ശാന്തിഗിരി വിദ്യാഭവനിലെ 'ഫ്രഷേഴ്സ് ഡെ' ആഘോഷം*

# ശാന്തിഗിരി വിദ്യാഭവനിൽ 'ഫ്രഷേഴ്സ് ഡെ'

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ ജൂലൈ 27ന് 'ഫ്രഷേഴ്സ് ഡെ' സംഘടിപ്പിച്ചു. 2018–19 അദ്ധ്യയനവർഷത്തെ നവാഗതരായ പ്ലസ് വൺ വിദ്യാർത്ഥികൾക്കായിട്ടാണ് ഫ്രഷേഴ്സ് ഡെ സംഘടിപ്പിച്ചത്. വിദ്യാഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സർവാദരണീയ സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, പോത്തൻകോട് സർക്കിൾ ഇൻസ്പെക്ടർ എസ്. ഷാജി, പ്രിൻസിപ്പൽ ശ്രീജിത്ത് എസ്.വി., സ്കൂൾ കൺവീനർ പ്രേംദാസ് എച്ച് തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ പുതുതായി സ്കൂളിൽ രൂപീകരിച്ച ആന്റി ഡ്രഗ് സെൽ ഉദ്ഘാടനവും പോസ്റ്റർ പ്രകാശനവും പോത്തൻകോട് സി.ഐ. ഷാജി നിർവഹിച്ചു. 2018–19 അദ്ധ്യയന വർഷത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ ലീഡർമാർക്കുള്ള ബാഡ്ജ് വിതരണവും 2017–18 അദ്ധ്യയന വർഷം പ്ലസ് ടു പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങിയ പൂർവവിദ്യാർത്ഥികൾക്കുള്ള മെമോന്റോ വിതരണവും നടന്നു. ആന്റി ഡ്രഗ് കൺവീനറും അദ്ധ്യാപകനുമായ എസ്. സന്തോഷ് സ്വാഗതവും സ്കൂൾ ലീഡർ അശ്വനാരായണൻ നന്ദിയും പ്രകാശിപ്പിച്ചു. തുടർന്ന് പുതിയ വിദ്യാർത്ഥികളുടെ പരിചയപ്പെടലും കലാപരിപാടികളും നടന്നു.



*ശാന്തിഗിരി വിദ്യാഭവൻ ആർട്സ് ഫെസ്റ്റിന് തുടക്കം*

# ശാന്തിഗിരി വിദ്യാഭവൻ ആർട്സ് ഫെസ്റ്റിന് തിരിതെളിഞ്ഞു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ കലാമേളയ്ക്ക് തിരിതെളിഞ്ഞു. കുട്ടികളുടെ സർഗവാസനയും കലാപ്രകടനങ്ങളും നിറഞ്ഞുനിന്ന വർണ്ണാഭമായ രണ്ടു ദിവസങ്ങളായിരുന്നു ജൂലൈ 28, 29 തീയതികളിൽ ശാന്തിഗിരി വിദ്യാഭവനിലെ യുവപ്രതിഭകൾ കാഴ്ചവച്ചത്. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനത്തിൽ സംഗീത സംവിധായകൻ ഗിരീഷ് നാരായണൻ കലാമേള ഔപചാരികമായി ഉദ്ഘാടനം ചെയ്യും. എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, കവി ഇഞ്ചക്കാട് ബാലചന്ദ്രൻ, വൈസ് പ്രിൻസിപ്പൽ ശ്രീജിത്ത് എസ്.വി., പി.റ്റി.എ. സെക്രട്ടറി അൻസൽ, മാസ്റ്റർ ആദിത്യൻ ഡി.പി. തുടങ്ങിയവർ സംസാരിക്കും. ഇതിനോടനുബന്ധിച്ച് ലിറ്ററി ഫെസ്റ്റ് 23 ന് ആരംഭിച്ചിരുന്നു. പദ്യരചന, കഥാരചന, സത്സംഗം, ലളിതഗാനം, മാപ്പിളപ്പാട്ട്, ഒപ്പന, ഭരതനാട്യം, ടാബ്ലോ, കോൽക്കളി, ഗ്രൂപ്പ് ഡാൻസ് തുടങ്ങിയ വിവിധ കലാപരിപാടികൾ നടന്നുവരുന്നു.



*ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പ്രവർത്തകർ റിസർച്ച് സോണിൽ നടത്തിയ കർമ്മം*



*ഏറ്റവും കൂടുതൽ പേർ പങ്കെടുത്ത് ഗിന്നസ് റെക്കോർഡ് നേടിയ കരിയർ അസസ്മെന്റ് ടെസ്റ്റിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചതിനുള്ള സർട്ടിഫിക്കറ്റ് ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിനു രാഹുൽ ഈശ്വർ കൈമാറുന്നു. ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിനും സർട്ടിഫിക്കറ്റ് ലഭിച്ചു.*


ഗുരുചരണം ശരണം

## ശാന്തിഗിരി ഷോപ്പിംഗ് മാളിൽ വിലക്കുറവിന്റെ ഓണം

**വിലക്കുറവിന്റെ പുത്തൻകാഴ്ചകൾ ഒരുക്കി**
**ശാന്തിഗിരി ഷോപ്പിംഗ് മാൾ**
**സാരികൾ, ഫ്രോക്കുകൾ, കുഞ്ഞുടുപ്പുകൾ**
**ഇവ വൻവിലക്കുറവിൽ**
**5 ശതമാനം മുതൽ 50 ശതമാനം**
**വരെ ഡിസ്കൗണ്ട്**
**കുട്ടികളുടെ ടോയ്സിന്റെ വൻ കളക്ഷൻ**
**പ്രൊവിഷൻ സാധനങ്ങൾ മിതമായ നിരക്കിൽ**
**ഈ ഓണം ശാന്തിഗിരി ഷോപ്പിംഗ് മാളിനൊപ്പം**

ഓണാശംസകളോടെ

ശാന്തിഗിരി ഷോപ്പിംഗ്മാൾ



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala